ഏഴിമല നേവൽ അക്കാദമിക് വീണ്ടും ഭൂമി അക്വയർ ചെയ്യാൻ തീരുമാനം

141(T3063) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴിമല നേവൽ അക്കാദമിക്കുവേണ്ടി വീണ്ടും ഭൂമി അക്വയർ ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) നേവൽ അക്കാദമി സ്ഥാപിക്കുന്നതിന് ഭൂമി അക്വയർ ചെയ്തപ്പോൾ പുനരധിവസിക്കപ്പെട്ട ജനങ്ങളെ വീണ്ടും കുടിയൊഴിപ്പിക്കുമ്പോൾ അവർ നേരിടുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജനങ്ങളുടെ പ്രയാസം കണക്കിലെടുത്ത് വീണ്ടും ഭൂമി അക്വയർ ചെയ്യാനുള്ള നടപടികൾ ഉപേക്ഷിക്കുന്നകാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ-സി) കണ്ണൂർ ഏഴിമല നാവിക അക്കാദമിക്കുവേണ്ടി നേവി ബോയ്സ് സ്പോർട്സ് കമ്പനി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 500 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകണമെന്ന് സ്റ്റേഷൻ കമാന്റർ 26-3-2014-ൽ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ രാമന്തളി വില്ലേജിൽനിന്നുമാത്രം 2500 ഏക്കറിലധികം സ്വകാര്യ ഭൂമി പൊന്നും വിലയ്ക്ക് ഏഴിമല നാവിക അക്കാദമി സ്ഥാപിക്കുന്നതിനുവേണ്ടി സർക്കാർ ഏറ്റെടുത്തിരുന്നു. അതിനുപുറമേയാണ് ഇപ്പോൾ 500 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനെതിരെ ഏഴിമല ഡെവലപ്മെന്റ് കൗൺസിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ട് വാങ്ങുകയും ഏഴിമല നാവിക അക്കാഡമിക്കുവേണ്ടി നേരത്തെ ഏറ്റെടുത്ത് നൽകിയിട്ടുള്ള സ്ഥലത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം ഉപയോഗിക്കുവാൻ കഴിയുമോയെന്നത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കുടിയൊഴിപ്പിക്കൽ പരമാവധി ഒഴിവാക്കി ഈ സ്ഥാപനം യാഥാർത്ഥ്യമാക്കണമെന്നതാണ് സർക്കാരിന്റെ താൽപ്പര്യം.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly